**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1801** — **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ ശമ്പളവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 ജനുവരി മുതൽ മെയ് വരെ സർവീസ് നടത്തിയ വകയിൽ ഓരോ മാസവും കെ.എസ്.ആർ.ടി.സി. യ്ക്ക് ലഭിച്ച വരുമാനം വ്യക്തമാക്കാമോ; | (എ) | **2022 ജനുവരി മുതൽ മെയ് വരെ സർവ്വീസ് നടത്തിയ വകയിൽ ഓരോ മാസവും കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.**<br><br>**(തുക കോടി രൂപയിൽ)**<br><br>മാസം — തുക<br>2022 ജനുവരി — 132.54<br>2022 ഫെബ്രുവരി — 118.76<br>2022 മാർച്ച് — 151.37<br>2022 ഏപ്രിൽ — 156.28<br>2022 മെയ് — 183.49 |
| (ബി) | പ്രസ്തുത കാലയളവിലെ ഓരോ മാസത്തേയും ശമ്പളച്ചെലവും ഇന്ധനച്ചെലവും വ്യക്തമാക്കാമോ; | (ബി) | 2022 ജനുവരി മുതൽ മെയ് വരെയുള്ള കാലയളവിലെ ഓരോ മാസത്തേയും ശമ്പള ച്ചെലവും ഇന്ധനച്ചെലവും ചുവടെ ചേർക്കുന്നു.<br><br>(തുക കോടി രൂപയിൽ)<br><br>മാസം — ആകെ ശമ്പള ചെലവ് — ഇന്ധന ചെലവ്<br>ജനുവരി — 95.82 — 68.63<br>ഫെബ്രുവരി — 96.79 — 72.24<br>മാർച്ച് — 96.61 — 88.42<br>ഏപ്രിൽ — 96.25 — 97.69<br>മെയ് — 94.55 — 92.21 |
| (സി) | 2022 ജനുവരി മുതൽ മെയ് വരെ ഓരോ മാസത്തേയും ശമ്പളം ഏത് ദിവസത്തിലാണ് വിതരണം ചെയ്തു തുടങ്ങിയത്; വ്യക്തമാക്കാമോ; | (സി) | 2022 ജനുവരി മുതൽ മെയ് വരെ ഓരോ മാസത്തേയും ശമ്പളം വിതരണം ചെയ്തു തുടങ്ങിയ തീയതി ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 2022 ജനുവരി : 09/02/2022<br><br>2022 ഫെബ്രുവരി : 10/03/2022<br><br>2022 മാർച്ച് : 18/04/2022<br><br>2022 ഏപ്രിൽ : 20/05/2022<br><br>2022 മെയ് : 17/06/2022. |
| (ഡി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം മാസത്തിലെ ഏതു തീയതിയിലാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഓരോ മാസത്തെയും അവസാനത്തെ പ്രവർത്തി ദിവസമാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തു വന്നിരുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിമിത്തം പല മാസങ്ങളിലും ഒരു നിശ്ചിത തീയതിയിൽ ശമ്പളം വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. |
| (ഇ) | എല്ലാ മാസവും 5-ാം തീയതിയ്ക്കകം ശമ്പളം നൽകാമെന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സർക്കാർ ഉറപ്പു നല്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | സർക്കാർ ഉറപ്പ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ